പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 764 — 29.11.2018 -ൽ മറുപടിയ്ക്ക്

## പെരിന്തൽമണ്ണ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം

| ചോദ്യം<br>ശ്രീ.ടി.എ. അഹമ്മദ് കബീർ : | | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | മങ്കട നിയോജക മണ്ഡലത്തിലെ പെരിന്തൽമണ്ണയിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; | എ) & ബി) | മങ്കടയിൽ തൊഴിൽ വകുപ്പിനു കീഴിലായി പോളിടെക്നിക്കിനുവേണ്ടി മൂന്ന് ഏക്കർ പുറമ്പോക്ക് ഭൂമി ഏറ്റെടുക്കുവാനായി ജില്ലാ ഭരണകൂടം ശ്രമിച്ചു വരുന്നുണ്ട്. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇപ്പോഴത്തെ അവസ്ഥ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പെരിന്തൽമണ്ണ പ്രിൻസിപ്പൽ ഇൻ ചാർജ്ജ് ജില്ലാ കളക്ടറെ നേരിൽ കണ്ട് ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിൽ നിന്ന് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പെരിന്തൽമണ്ണയ്ക്ക് ആവശ്യമായ എൺപത് സെന്റ് ഭൂമി അനുവദിച്ചു തരാൻ കഴിയുമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഭൂമി അനുവദിക്കുന്ന മുറയ്ക്ക് ഫണ്ട് നൽകാമെന്ന് ടൂറിസം ഡയറക്ടർ മലപ്പുറം ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്. |
| ബി) | ഇത് സംബന്ധിച്ച് സ്ഥലം വിട്ട് നൽകുവാൻ ടൂറിസം ഡയറക്ടർ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ട പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | | |
| സി) | നിലവിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിച്ച് വരുന്നതുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ എന്തെല്ലാമാണ്; ഇതിന് അടിയന്തരമായി | സി) | ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പെരിന്തൽമണ്ണ, 2001-ൽ പെരിന്തൽമണ്ണ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന്റെ പഴയ ഹോസ്റ്റൽ കെട്ടിടത്തിൽ താല്ക്കാലികാനുമതിയോടെ പ്രവർത്തിച്ചു വരികയാണ്. ടി കെട്ടിടം |

| | | | |
|---|---|---|---|
| | പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | പോളിടെക്നിക്ക് കോളേജ് ഹോസ്റ്റലിനുവേണ്ടി ഒഴിഞ്ഞുകൊടുക്കുവാൻ പോളിടെക്നിക്ക് പ്രിൻസിപ്പൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന്റെ വികസന പ്രവർത്തനത്തിന് കെട്ടിടം ഒഴിഞ്ഞുകൊടുക്കേണ്ടി വന്നാൽ മറ്റൊരു വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാക്കും. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ആവശ്യപ്പെട്ട പ്രകാരം മങ്കടയിൽ തൊഴിൽ വകുപ്പിന് കീഴിലായി പോളിടെക്നിക്കിന് വേണ്ടി കണ്ടെത്തുന്ന മൂന്ന് ഏക്കർ പുറമ്പോക്ക് ഭൂമിയിൽ നിന്നും എൺപത് സെന്റ് സ്ഥലം ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടി നൽകാമെന്ന് മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ